21
2010 സപ്തംബർ
ചൊവ്വ
www.janmabhumidaily.com
കോഴിക്കോട്

ജന്മഭൂമി

കൊച്ചി • കോഴിക്കോട് • കോട്ടയം • തിരുവനന്തപുരം • കണ്ണൂർ

5
1186 കന്നി
Regd. No. KL/EKM/260/2009-11
പേജ് 12 വില: 3.50 രൂപ



# ഗാന്ധാരിയും ശ്രീകൃഷ്ണനും

**കൽകി 2000ൽ യുഗധർമ്മ മാസികയിൽ കൊടുത്തത് 2008ൽ കൽകിപുരി പബ്ലിക്കേഷൻ പുസ്തകമായി പ്രസിദ്ധീകരിച്ചതിൽനിന്നും...**

www.kalki.me




കൽകി

ഹസ്തിനപുരിയിൽവെച്ച് ഭഗവാൻ ശ്രീ മഹാവിഷ്ണുവിന്റെ അഷ്ടമാവതാരമായ ഭഗവാൻ ശ്രീകൃഷ്ണനെ ഗാന്ധാരി ആദ്യമായി ദർശിച്ചു.

അറിയാമെങ്കിലും ഇന്നാണ് കൃഷ്ണന്റെ ബാഹ്യസമ്പർക്കം ആദ്യമായി ഗാന്ധാരിയ്ക്ക് ലഭിക്കുന്നത്. ഭക്തിയിൽ ഉത്തമയായ ഗാന്ധാരി കൃഷ്ണനെ മധുരമായി സ്വീകരിച്ചു.

ഏറെ കേട്ടിട്ടുണ്ടെങ്കിലും ഇന്നാണ് നേരിൽ ദർശിക്കുവാൻ ഭാഗ്യം ലഭിച്ചത്!

അതിഥി സൽക്കാരത്തിനിടെ ഗാന്ധാരി സംഭാഷണത്തിന് ആമുഖം കുറിച്ചു.

മാതാ ഗാന്ധാരി! കണ്ണുകെട്ടിയാൽ എങ്ങനെ നമ്മുടെ ബാഹ്യദേഹത്തെ ദർശിക്കും? സ്വാഭാവികമായ ശ്രീകൃഷ്ണന്റെ ചോദ്യം ഗാന്ധാരിയെ അമ്പരപ്പിച്ചു. ശ്രീകൃഷ്ണൻ ചോദ്യങ്ങൾ തുടർന്നു.

കണ്ണുകെട്ടിയാൽ പതിയെ പരിചരിക്കുക എന്ന പാതിവ്രത്യം എങ്ങനെ പാലിക്കുവാൻ കഴിയും?

ഭരണകാര്യങ്ങളിൽ രാജാവിനെ പരിചരിച്ച് പ്രജാക്ഷേമത്തെ നിലനിർത്തുക എന്ന രാജമഹിഷിയുടെ കർത്തവ്യത്തെ, സ്വയം കണ്ണുകെട്ടിയാൽ എങ്ങനെ പൂർത്തീകരിക്കുവാൻ കഴിയും?

സന്താനങ്ങളെ ശുശ്രൂഷിക്കുകയെന്ന മാതാവിന്റെ കർത്തവ്യത്തെ സ്വയം കണ്ണുകെട്ടിയാൽ എങ്ങനെ നിറവേറ്റുവാൻ കഴിയും?

വ്യക്തിപരമായ കാര്യങ്ങൾ പരാശ്രയംകൂടാതെ നിർവ്വഹിക്കുവാൻ സ്വയം കണ്ണുകെട്ടിയാൽ എങ്ങനെ സാധ്യമാകും?

പതിയെ പരിചരിക്കുകയെന്ന വ്രതമുള്ളവളാണ് പതിവ്രത. അവളിലാണ് പാതിവ്രത്യം കുടികൊള്ളുന്നത്. പരിചരിക്കണമെങ്കിൽ ദേഹത്തിലെ അവയവങ്ങളെല്ലാം സാമാന്യേനയെങ്കിലും കുറ്റമറ്റതായിരിക്കണം. ക്ഷീണം, തളർച്ച, അന്ധത, അംഗവൈകല്യം, രോഗം ഇത്യാദികളുണ്ടെങ്കിൽ എങ്ങനെ പതിയെ പരിചരിക്കുവാൻ കഴിയും?

ഭർത്താവിന്റെ കൈ ഛേദിക്കപ്പെട്ടിട്ടുണ്ടെങ്കിൽ, പതിയോടുള്ള ബഹുമാനത്താൽ പത്നിയും സ്വയം സ്വന്തം കൈ ഛേദിക്കുന്നതാണോ പാതിവ്രത്യം? അതാണോ മാതൃകാപൂർവ്വമായ പെരുമാറ്റം?

ഭർത്താവ് രോഗിയാണെങ്കിൽ, ഭർത്തൃപ്രീതിയ്ക്കായി ഭാര്യയും അതേപോലെ സ്വയം രോഗിയാവാൻ ശ്രമിക്കുന്നതാണോ പാതിവ്രത്യം?

ഭർത്താവ് രോഗശയ്യയിലാണെങ്കിൽ, പരിചരിക്കുക എന്ന കർത്തവ്യമുള്ള ഭാര്യ, അതേപോലെ ശയ്യാവലംബിതയാവാൻ ശ്രമിക്കുകയാണോ അതോ പരിചരിക്കുവാൻ തയ്യാറെടുക്കുകയാണോ വേണ്ടത്?

ഭർത്താവിന് കാഴ്ച്ചയില്ലെങ്കിൽ, കാഴ്ച്ചയുള്ള ഭാര്യയുടെ പരിചരണം, ഫലത്തിൽ ഭർത്താവിന്റെ കാഴ്ച്ചയായിത്തീരുകയല്ലെ?

അന്ധനായ ഭർത്താവിന് കാഴ്ച്ചയുള്ള സ്ത്രീയെ ഭാര്യയായി ലഭിക്കുന്നത് ഭാഗ്യമാകുന്നു. എന്നാൽ അന്ധനായ ഭർത്താവിനെ പരിചരിക്കേണ്ട ഭാര്യ സ്വയം കണ്ണുകെട്ടി കാഴ്ച്ചയെ മറച്ചാൽ, ഭാര്യയേയും ഭർത്താവിനേയും പരിചരിക്കുവാൻ പരിചാരികമാരേയും പരിചാരകന്മാരേയും നിയമിക്കേണ്ടിവരില്ലേ? ഭർത്തൃപരിചരണത്തിന് അധികാരി ഭാര്യയാണ്. പരിചാരികയിലൂടെ എങ്ങനെ ഭാര്യാപരിചരണം ലഭിക്കും? അവ സദാചാരത്തിന് നിരക്കുന്നതാണോ?

അന്ധനായ ഭർത്താവ് രാജാവുകൂടിയാകുമ്പോൾ ഭാര്യയ്ക്ക് രാജമഹിഷി എന്ന സ്ഥാനംകൂടി ലഭിക്കുന്നു. എങ്കിൽ രാജാവിന്റെ ക്ഷേമത്തെ നിലനിർത്താനും രാജഭരണത്തെ സുഗമമായി നിർവ്വഹിക്കുന്നതിനും രാജമഹിഷി സ്വയം കണ്ണുകെട്ടിയാൽ എങ്ങനെ കഴിയും?

സന്താനങ്ങളെ പരിപാലിക്കുകയെന്ന മാതാവിന്റെ കർത്തവ്യപൂർത്തീകരണത്തിന് കാഴ്ച്ച നിർബന്ധമാകുന്നു. അങ്ങനെയിരിക്കേ സ്വന്തം കണ്ണു കെട്ടി കുട്ടികളെ ശുശ്രൂഷിക്കാതിരിക്കുന്നത് കുട്ടികളോട് ചെയ്യുന്ന ക്രൂരതയല്ലെ?

രാജാവിന്റേയും രാജ്ഞിയുടേയും വാക്കും പ്രവൃത്തിയും തികച്ചും ധാർമ്മികവും അതുകൊണ്ടുതന്നെ മാതൃകയുമായിരിക്കണം. എങ്കിൽമാത്രമേ പ്രജകളും ധർമ്മത്തിൽ നിലകൊള്ളുകയുള്ളു.

സർവ്വാധികാരിയും ശിവലോകവാസിയും പാർവ്വതിസമേതനുമായ ഭഗവാൻ പരമേശ്വരൻ ശിവന്റേയും സംരക്ഷണാധികാരിയും വിഷ്ണുലോകവാസിയും മഹാലക്ഷ്മി സമേതനുമായ ഭഗവാൻ ശ്രീ മഹാവിഷ്ണുവിന്റേയും അനുഗ്രഹമാണ് അവിടുത്തെ സൃഷ്ടിയെ കാണുന്നതിനുള്ള കാഴ്ച്ചയെന്ന അസുലഭ സൗഭാഗ്യം. അത് സ്വയം നിഷ്പ്രയോജനമാക്കുന്നത് മറ്റെന്തിനേക്കാളും കഠിനമായ അപരാധവും അഹങ്കാരവുമാകുന്നു.

**യഥാർത്ഥ ശ്രീകൃഷ്ണചരിതം**

ധർമ്മവിരുദ്ധമായ യാതൊന്നിനും നാം കൂട്ടുനിൽക്കുകയില്ല. അതുകൊണ്ട് പ്രഥമദർശനം കൂടിയായ ഈ വേളയിൽത്തന്നെ ധർമ്മവിരുദ്ധമായ കണ്ണുകെട്ടലിനെ അംഗീകരിക്കുകയില്ല എന്ന് വ്യക്തമാക്കുന്നു.

ഒരുകാര്യം നിർവ്വഹിച്ചതിൽ അപാകതയുണ്ടെന്ന് വ്യക്തമായാൽ, പിന്നീടും പഴയതുപോലെ തുടരുന്നത് മാപ്പർഹിക്കാത്ത കുറ്റമാകുന്നു. യഥാർത്ഥമായ തിരിച്ചറിവ് ലഭിച്ചാൽ, അതിനെ അനുസരിക്കുന്നതാണ് മാതൃക.

സംശുദ്ധ ഭക്തിയിൽ അധിഷ്ഠിതമായ, പ്രായോഗികവും യുക്തിഭദ്രവുമായ തീരുമാനങ്ങൾ മാത്രമേ മാതൃകയാകൂ.

അഷ്ടമാവതാരമായ നമ്മുടെ സ്വരൂപ ദർശനമെന്ന മഹാഭാഗ്യംപോലും തിരസ്ക്കരിക്കുവാൻമാത്രം ഗാന്ധാരി അഹങ്കാരിയാണോ?

ശ്രീകൃഷ്ണന്റെ ധർമ്മവാണികളാകുന്ന അമൃതവാഹിനി ഗാന്ധാരിയെ പരമാർത്ഥ ജ്ഞാനം ഗ്രഹിക്കുവാൻ സഹായിച്ചു.

ഹൊ! ശരിയെന്ന് കരുതി താൻ ഇത്രകാലവും തുടർന്നത് ഇത്രയ്ക്കും അബദ്ധമാണെന്ന് ഇപ്പോൾ, സമ്പൂർണ്ണമായും ധർമ്മപുരുഷനായ ഭഗവാൻ ശ്രീകൃഷ്ണന്റെ തിരുവചനങ്ങൾ ശ്രവിച്ചപ്പോൾ മാത്രമാണ് വ്യക്തമായത്. എന്തുകൊണ്ട് അറിവുള്ള മറ്റാരും തന്നോട് ഇതറിയിച്ചില്ല? യാഥാർത്ഥ്യം വ്യക്തമായ ഗാന്ധാരിക്ക് കൃഷ്ണനൊഴികെ മറ്റെല്ലാവരോടും അവജ്ഞ തോന്നി.

അറിയാത്തത് അവർക്കെങ്ങനെ വ്യക്തമാക്കുവാൻ കഴിയും? ആരേയും പഴിക്കാതെ സ്വന്തം പോരായ്മയെ സ്വയം പരിശോധിച്ച് തിരിച്ചറിയുക. അതാണ് ശരിയായ മാർഗ്ഗവും ക്രമവും.

എല്ലാമറിയുന്ന ഭഗവാൻ ശ്രീകൃഷ്ണൻ ഗാന്ധാരിയുടെ ചിന്തകളെ തിരിച്ചറിഞ്ഞു.

തൽക്ഷണംതന്നെ മാതാ ഗാന്ധാരി കണ്ണുകളുടെ കെട്ടഴിച്ചു. ഭഗവാൻ ശ്രീകൃഷ്ണന്റെ തിരുസ്വരൂപത്തെ ദർശിച്ച ഗാന്ധാരി അവിടുത്തെ തൃപ്പാദപത്മങ്ങളിൽ നമസ്ക്കരിച്ച് അനന്തകോടി പ്രണാമങ്ങൾ അർപ്പിച്ചു!!

പിന്നീടൊരിക്കലും കാഴ്ച്ചയെ മറയ്ക്കുന്നതിനുവേണ്ടി ഗാന്ധാരി കണ്ണുകെട്ടിയിട്ടില്ല.

www.kalki.me